പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2408 — 08.12.2015 ൽ മറുപടിക്ക്

## ആധാർ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി. കെ. എസ് . സലീഖ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ ആധാർ കാർഡിന് അപേക്ഷ നൽകി; വ്യക്തമാക്കുമോ; | (എ) 03/12/2015-ലെ Unique Identification Authority of India (UIDAI) യുടെ കണക്കനുസരിച്ച് ഏതാണ്ട് 4.1 കോടി പേർ ആധാർ കാർഡിന് അപേക്ഷിച്ചിട്ടുണ്ട്. പല കാരണങ്ങളാൽ ഒന്നിലേറെ തവണ അപേക്ഷിച്ചവരും ഈ കണക്കിൽപ്പെടും. |
| (ബി) ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് തെരഞ്ഞെടുത്തത് എന്നും പ്രസ്തുത ഏജൻസികൾ വഴി സംസ്ഥാനത്ത് എത്ര പേർക്ക് ആധാർ കാർഡ് നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ; | (ബി) സംസ്ഥാന ഐ.ടി മിഷന്റെ കീഴിൽ കെൽട്രോൺ, അക്ഷയ എന്നീ ഏജൻസികളെ യാണ് ആധാർ എൻറോൾമെന്റിന് UIDAI ഏൽപ്പിച്ചിരിക്കുന്നത്. 03/12/2015-ലെ കണക്കനുസരിച്ച് 2,00,61,029 പേർക്ക് ആധാർ നൽകി.<br>ഇത് കൂടാതെ UIDAI അംഗീകരിച്ച ഏജൻസികളായ എൻ.പി ആർ വഴി 1,17,19,967 പേർക്കും, പോസ്റ്റ് ഓഫീസ്/ ബാങ്കുകൾ വഴി 10,48,059 പേർക്കും സംസ്ഥാനത്ത് ആധാർ നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഏജൻസികൾക്ക് ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ എത്ര തുക പൊതു ഖജനാവിൽ നിന്നും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാന സർക്കാരിന് ആധാർ പ്രോജക്ടുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവ് ഒന്നും തന്നെ ഉണ്ടായിട്ടില്ല. ഇതിനാവശ്യമായ എല്ലാ ചെലവുകളും UIDAI ആണ് നടത്തുന്നത്. |

03-12-2015 തീയതി വരെയുള്ള കണക്കനുസരിച്ച് യുഐഡിഎഐ യിൽ നിന്നും ലഭിച്ച തുകയിൽ നിന്ന് അക്ഷയക്ക് 62,14,71,725 രൂപയും, കെൽട്രോണിനു 11,59,24,104 രൂപയും ആധാർ എൻറോൾമെന്റിന്റെ വകയിൽ നൽകിയിട്ടുണ്ട്.

(ഡി) ലക്ഷക്കണക്കിന് മലയാളികളുടെ നിർണ്ണായകവിവരങ്ങൾ വിവരസാങ്കേതിക വകുപ്പിന്റെ അറിവോടു കൂടി കെൽട്രോൺ സ്വകാര്യ കമ്പനിക്ക് കൈമാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്പനിക്ക് കെൽട്രോൺ എത്ര രൂപ നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്വകാര്യ കമ്പനി ഏതാണെന്നും ഇതിന്റെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർ ആരൊക്കെയാണെന്നും ഇതിന്റെ ആസ്ഥാനം എവിടെയാണെന്നും വ്യക്തമാക്കുമോ;

(ഡി) & (ഇ) സംസ്ഥാനത്തെ ജനങ്ങളിൽ നിന്നും ആധാർ കാർഡിനായി ശേഖരിച്ച നിർണ്ണായക വിവരങ്ങൾ കെൽട്രോൺ സ്വകാര്യ കമ്പനികൾക്ക് നൽകിയിട്ടില്ല. ആധാറുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സോഫ്റ്റ് വെയറുകളും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സെർവറുകളും കേരള സംസ്ഥാന ഐ.ടി മിഷന്റെ പൂർണ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ വിവരങ്ങൾ ഒന്നും തന്നെ മറ്റൊരു ഏജൻസിക്ക് കൈമാറാൻ പറ്റുന്നതല്ല. സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും വിവിധ തരം ആപ്ലിക്കേഷനുകളും സെർവറുകളും വെബ് സൈറ്റുകളും ഇതേ ഡാറ്റാ സെന്ററിൽ തന്നെയാണ് സുരക്ഷിതമാക്കിയിട്ടുള്ളത്.

(എഫ്) ആധാർ പദ്ധതിയെ ശക്തമായി അനുകൂലിച്ച് സംസ്ഥാന സർക്കാർ 12.01.2014-ന് ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

ആധാർ സംബന്ധിച്ച സുപ്രീം കോടതി കേസിൽ സത്യവാങ്മൂലം ഫയൽ ചെയ്യുവാനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്.

Sajeev

സെക്ഷൻ ഓഫീസർ